## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

രാജീവ് ഗാന്ധി പഞ്ചായത്ത് സശാക്തീകരൺ അഭിയാൻ പദ്ധതി

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 2460. 07.10.16- ൽ മറുപടി നൽ കേണ്ടത്**

| | ചോദ്യം<br>ശ്രീ.എ. പ്രദീപ്കുമാർ<br>,, ജെയിംസ് മാത്യു<br>,, കെ.ഡി. പ്രസേനൻ<br>,, കെ. ദാസൻ | | ഉത്തരം<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി) |
|---|---|---|---|
| (എ) | പഞ്ചായത്തുകളുടെയും, ഗ്രാമസഭകളുടെയും കാര്യശേഷി വികസനത്തിനായി രാജീവ് ഗാന്ധി പഞ്ചായത്ത് സശാക്തീകരൺ അഭിയാൻ (ആർ.ജി.പി.എസ്.എ.) എന്ന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) | പഞ്ചായത്തുകളുടെയും ഗ്രാമസഭകളുടെയും കാര്യശേഷി വർദ്ധനവിനും ശാക്തീകരണത്തിനും അതു വഴി ജനാധിപത്യ വികേന്ദ്രീകരണത്തിനും പഞ്ചായത്തുകളിലെ ജനകീയ പങ്കാളിത്തവും ഉത്തരവാദിത്വവും വർദ്ധിപ്പിക്കുന്നതിനും ആർ.ജി.പി.എസ്.എ. എന്ന കേന്ദ്രാവിഷ്കൃത പദ്ധതി ലക്ഷ്യമിടുന്നു. |
| (സി) | ടി പദ്ധതിയുടെ കേന്ദ്ര വിഹിതം എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ? | (സി) | 2015-16 വരെ കേന്ദ്ര വിഹിതം 75% ആയിരുന്നു. 2016-17 മുതൽ ഈ പദ്ധതി രാഷ്ട്രീയ ഗ്രാമ സ്വരാജ് അഭിയാൻ (ആർ.ജി..എസ്.എ.) എന്നാക്കി പുനരാവിഷ്കരിച്ചിട്ടുണ്ട്. ഇതിന്റെ കേന്ദ്ര സംസ്ഥാന വിഹിതത്തെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ ഇതുവരെ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ